File No.LSGD-EPA2/108/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ WP(C) 943/2021 നം. വിധിന്യായം പാലിച്ച് വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ നഴ്സറി ടീച്ചറായ ശ്രീമതി. മറിയാമ്മ. കെ.വി യെ 27.03.2013 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.2628/2021/ത.സ്വ.ഭ.വ     തീയതി,തിരുവനന്തപുരം, 23/12/2021

---

പരാമർശം:- 1. സ.ഉ(എം.എസ്) നം. 170/2010/തസ്വഭവ, തീയതി 06.08.2010

2. സ.ഉ(പി) നം. 31/2018/ധന തീയതി 03.03.2018

3. സ.ഉ(സാധാ) 1971/2020/തസ്വഭവ തീയതി 20.10.2020.

4. ബഹു. കേരള ഹൈക്കോടതിയുടെ 23.3.2021 ലെ WP(C) 943/2021 നം. വിധിന്യായം.

ഉത്തരവ്

വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 30/01/1997 ലെ 19(1) നമ്പർ തീരുമാന പ്രകാരം ശ്രീമതി. മറിയാമ്മ. കെ.വി എന്നയാളെ ഓണറേറിയം അടിസ്ഥാനത്തിൽ ബാലവാടി ടീച്ചറായി നിയമിക്കുകയും ടിയാൾ 02/02/1997 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പതിനൊന്നിന പരിപാടി പ്രകാരം സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ 03.05.2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി. കെ.വി. മറിയാമ്മ ടി ഉത്തരവിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാളുടെ പേര് റിപ്പോർട്ട് ചെയ്യപ്പെടാതെ വന്നതിനാലാണ് ടിയാൾക്ക് സ്ഥിരനിയമനം നിഷേധിക്കപ്പെട്ടത്. അതിനെതുടർന്ന് ടിയാരി ബഹു. ഹൈക്കോടതിയിൽ WP(C) 6235/2020 ഫയൽ ചെയ്യുകയും ടി കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. കെ.വി. മറിയാമ്മയെ സർക്കാർ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്ന സ്ഥാപനങ്ങൾ എന്നിവയിൽ, ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ

നിയമപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന് പരാമർശം (2) ഉത്തരവിൽ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. കെ.വി. മറിയാമ്മയെ സർക്കാർ ഉത്തരവ തീയതി മുതൽ പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

2. സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയതിനെതിരെ ശ്രീമതി. കെ.വി. മറിയാമ്മ ഫയൽ ചെയ്തിരുന്ന WP(C) 943/2021 നം. ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (4) വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു -

" .................. In the afore circumstances, I have no hesitation to hold that Exhibit P11 order cannot apply to the petitioner, especially because her request for regulation stems from the resolution of the Grama Panchayat on 27.03.2013, which was rectified through Exhibit P3 on 31.01.2014, both resolutions were adopted at a time when Exhibit P11 order had not been issued by the Government. For the above reasons, I order this writ petition and strike down Exhibit P9 to the extent to which regularisation of the petitioner has been granted only prospectively, with a consequential direction to the competent authority of the Government to reconsider her request and issue appropriate orders thereon, as expeditiously as possible but not later than two months from the date of receipt of a copy of this judgment. I make it clear that the directions in this judgment are being issued specifically taking note of the peculiar circumstances and facts presented herein and is not intended to be misunderstood as a precedent in any case, even when analogous factual circumstances may be asserted."

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വാഴപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ resolution തീയതിയായ 27.03.2013 ന് ശേഷം പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് ഈ കേസിൽ ബാധകമാക്കാൻ കഴിയില്ലെന്ന് ബഹു. കോടതി നിരീക്ഷിച്ചിട്ടുള്ളതിനാലും, പരാമർശം (4) വിധിയിൽ നിലവിലെ വിഷയത്തിന്റെ പ്രത്യേക സാഹചര്യത്തിന്റെയും, വസ്തുതകളുടേയും അടിസ്ഥാനത്തിൽ മറ്റു കേസുകളിൽ ഇതൊരു മുൻ വിധിയായി കാണേണ്ടതില്ലെന്നും പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി. മറിയാമ്മ. കെ.വി യെ WP(C) 943/2021 കേസിന്റെ 23.03.2021-ലെ വിധിന്യായത്തിന്റെ ഖണ്ഡിക (13) ൽ 2013 ലെ പഞ്ചായത്ത് resolution തീയതി പ്രാബല്ല്യത്തിൽ ആനുകൂല്യം നൽകിയാൽ മതിയാകുമെന്ന ബഹു. കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലും, മറ്റു കേസുകളിൽ ഇതൊരു മുൻ വിധിയായി

കാണേണ്ടതില്ലെന്ന നിബന്ധനയോടെ ഒരു പ്രത്യേക കേസായി പരിഗണിച്ച് വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ resolution തീയതിയായ 27.03.2013 പ്രാബല്യത്തിൽ ശ്രീമതി. മറിയാമ്മ. കെ.വി യെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിയായി സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

4. പരാമർശം (4) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. കെ.വി. മറിയാമ്മ, നഴ്സറി ടീച്ചർ, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല (സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം ജില്ല.

സെക്രട്ടറി, വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/203/2020-Fin. തീയതി 03.12.2021 പ്രകാരം).

✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/108/2021/LSGD)/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ